# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/42/2018 2018 ഫെബ്രുവരി 26

## പത്രക്കുറിപ്പ്

### എം.ഫിൽ പ്രവേശന പരീക്ഷ

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ 2017–2018 അക്കാദമിക് വർഷത്തിൽ എം.ഫിൽ എജ്യൂക്കേഷൻ പ്രോഗ്രാമിന് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾക്കായുള്ള പ്രവേശന പരീക്ഷ മാർച്ച് 7ന് രാവിലെ 11 മണിക്ക് പഠനവകുപ്പിൽവച്ച് നടത്തും. വിശദവിവരങ്ങൾക്ക് ഫോൺ: 0481 – 2731042.

### പരീക്ഷാഫലം

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

2017 ഏപ്രിൽ മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. (ഏക വർഷം, പുനഃപ്രവേശനം, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും മാർച്ച് 9 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (പി.ജി.സി.എസ്.എസ്. – സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 12 വരെ അപേക്ഷിക്കാം.

2017 ജൂൺ മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എം.എച്ച്. (പി.ജി.സി.എസ്.എസ്. സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 9 വരെ അപേക്ഷിക്കാം.

2017 നവംബറിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ. (സി.എസ്.എസ്. റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 സെപ്തംബറിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ പി.എച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

### പ്രിൻസിപ്പൽമാരുടെ യോഗം

2018 മാർച്ച്/ഏപ്രിൽ മാസങ്ങളിൽ ആരംഭിക്കുന്ന ആറും നാലും സെമസ്റ്റർ യു.ജി. പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളുടെ നടത്തിപ്പ്, സർവ്വകലാശാല പുതുതായി ആവിഷ്ക്കരിച്ച ക്വസ്റ്റ്യൻ ബാങ്ക് സമ്പ്രദായം, ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സിലബസ് നവീകരണം തുടങ്ങിയ വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജ് പ്രിൻസിപ്പൽമാരുടെയും യോഗം സർവ്വകലാശാലാ അസംബ്ലി ഹാളിൽ ഫെബ്രുവരി 28ന് രാവിലെ 10.30ന് വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതാണ്.

## ഗവേഷണം സമൂഹത്തിന്റെ സുസ്ഥിര വികസനത്തിനുപകരിക്കണം - ഡോ. കെ. രാധാകൃഷ്ണൻ

സർവ്വകലാശാലകളിലെയും, ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലെയും ഗവേഷണ ഫലങ്ങൾ സമൂഹത്തിന്റെ സുസ്ഥിര വികസനത്തിന് ഉപകരിക്കുന്നതാകണമെന്ന്, ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ രണ്ടു ദിവസത്തെ ശാസ്ത്രയാൻ പ്രദർശനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. മികച്ച ഗവേഷണ പ്രസിദ്ധീകരണങ്ങൾ ഉല്പാദിപ്പിക്കുക മാത്രമല്ല, കാലഘട്ടത്തിലെ വെല്ലുവിളികൾക്ക് ഉത്തരം കണ്ടെത്താനും ഗവേഷണഫലങ്ങൾ പ്രയോജനപ്പെടണം. പൊതുഫണ്ട് പ്രയോജനപ്പെടുത്തി നടത്തുന്ന ഗവേഷണ പദ്ധതികൾ സാധാരണ ജനത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുതകുന്നതാകണമെന്ന് ഡോ. കെ. രാധാകൃഷ്ണൻ പറഞ്ഞു.

വിദ്യാർത്ഥികൾ, തദ്ദേശ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുമായുള്ള അക്കാദമിക വിനിമയത്തിലൂടെ ഗവേഷണ ഫലങ്ങളുടെ സാമൂഹ്യവ്യാപനം സർവ്വകലാശാല ഗവേഷണത്തിന്റെയും അക്കാദമിക പ്രവർത്തനങ്ങളുടെയും മുഖ്യലക്ഷ്യമാണെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന ഡോ. സാബു തോമസ് പറഞ്ഞു. ശാസ്ത്രാവബോധം വെല്ലുവിളികൾ നേരിടുന്ന കാലഘട്ടത്തിൽ, റൂസ ധനസഹായത്തോടെ നടത്തുന്ന ശാസ്ത്രയാൻ പദ്ധതി കാലിക പ്രസക്തിയുള്ളതാണെന്ന് ആമുഖ പ്രഭാഷണം നടത്തിയ റൂസ മെമ്പർ ഡോ. ടോമി ജോൺ പറഞ്ഞു. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ സർവ്വകലാശാലയിലെ കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ഡോ. ബി. പ്രകാശ്കുമാർ, ഐ.ക്യു.എ.സി. ജോയിന്റ് ഡയറക്ടർ ഡോ. റോബിനറ്റ് ജേക്കബ്, ശാസ്ത്രയാൻ കമ്മിറ്റി കോഓർഡിനേറ്റർ ഡോ. എ. അനസ് എന്നിവരും സംസാരിച്ചു.

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ശാസ്ത്ര/മാനവിക പഠനവകുപ്പുകളും ഗവേഷണ സ്ഥാപനങ്ങളും പൊതുസമൂഹത്തിനായി തുറന്നുകൊണ്ടുള്ള രണ്ടുദിവസത്തെ പൊതുപ്രവേശന ദിനാചരണം ഇന്ന് (ഫെബ്രുവരി 27) സമാപിക്കും. സർവ്വകലാശാലയിലെ പഠനപ്രവർത്തനങ്ങളും, ഗവേഷണ സൗകര്യങ്ങളും വിദ്യാർത്ഥികൾക്കും പൊതുസമൂഹത്തിനും പരിചയപ്പെടുത്തുകയാണ് ശാസ്ത്രയാൻ പ്രദർശനത്തിന്റെ ലക്ഷ്യം. പ്രദർശനദിനങ്ങളിൽ, സയൻസ് എക്സിബിഷൻ, ഗവേഷണശാല/മ്യൂസിയം/ലൈബ്രറി സന്ദർശനങ്ങൾ, ആധുനികശാസ്ത്ര ഉപകരണങ്ങൾ/മനശാസ്ത്ര പരിശോധന ഉപകരണങ്ങളുടെ പ്രദർശനവും വിവരണവും, ബോധവത്ക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ, സംവാദങ്ങൾ, അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് പരിശീലനം, ജൈവ കാർഷിക പ്രദർശനം, പുസ്തകമേള, യോഗ പരിശീലനം എന്നിവ പ്രദർശനത്തിന്റെ ഭാഗമായി നടത്തുന്നുണ്ട്. രാവിലെ 9 മുതൽ വൈകുന്നേരം 6 മണിവരെ നടക്കുന്ന പ്രദർശനത്തിൽ പ്രവേശനം സൗജന്യമാണ്.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നടന്ന ശാസ്ത്രയാൻ പ്രദർശനത്തിന്റെ ഉദ്ഘാടനം ഐ.എസ്.ആർ.ഒ. മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണൻ നിർവ്വഹിക്കുന്നു. വൈസ് ചാൻസലർ ഡോ. സാബു തോമസ്, ഡോ. എ. അനസ്, ഡോ. ബി. പ്രകാശ്കുമാർ, ഡോ. റോബിനറ്റ് ജേക്കബ്, റൂസ അംഗം ഡോ. ടോമി ജോൺ എന്നിവർ സമീപം.**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**